**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5325** **05-07-2024 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച ഫയൽ രണ്ടര വർഷമായി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) | കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത ഫയലിന്മേൽ തീരുമാനം എടുക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുകൾ തമ്മിൽ അഭിപ്രായവ്യത്യാസം നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |
| (സി) | പ്രസ്തുത ബോർഡിന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) | കേരള കർഷക ക്ഷേമനിധി ബോർഡ് 2020 ഒക്ടോബറിൽ നിലവിൽ വന്നു. ബോർഡിന് തൃശ്ശൂരിൽ ഹെഡ് ഓഫീസും, തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലായി മേഖലാ ഓഫീസുകളും പ്രവർത്തിച്ചു വരുന്നു. വിവിധ മാധ്യമങ്ങൾ മുഖേന ക്ഷേമനിധി പദ്ധതിയെ കുറിച്ച് വാർത്തകൾ നൽകുകയും, കർഷകരെ അംഗങ്ങളാക്കി വരികയും ചെയ്യുന്നു.<br><br>അംഗത്വ രജിസ്ട്രേഷൻ ഓൺലൈനായി ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തിയ്യതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യം നല്കുന്നത്. പെൻഷനും മറ്റ് ആനുകൂല്യങ്ങളും കർഷകർക്ക് നൽകുന്നതിനു വേണ്ടിയുള്ള കേരള കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് രൂപരേഖ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.<br><br>ജില്ലാതലത്തിൽ കർഷക രജിസ്ട്രേഷൻ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ജില്ലാതല പ്രചാരണ പരിപാടിയും മെമ്പർഷിപ്പ് കാമ്പയിനും നടത്തി വരുന്നു. |
| (ഡി) | കർഷകർക്ക് അയ്യായിരം രൂപ പെൻഷൻ നൽകുമെന്ന മുൻ സർക്കാരിന്റെ വാഗ്ദാനം | (ഡി) | കേരള കർഷക ക്ഷേമനിധി ആക്ട് വകുപ്പ് 3 [5(എ)] പ്രകാരം 5 വർഷത്തിൽ കുറയാതെ അംശദായം |

| | | | |
|---|---|---|---|
| | പാലിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | അടച്ച് ക്ഷേമനിധിയിൽ അംഗമായിട്ടുള്ളതും അറുപത് വയസ്സ് പൂർത്തിയാകുകയും ചെയ്ത കർഷകർക്ക് ഒടുക്കിയ അംശദായത്തിന്റെയും ഒടുക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള പെൻഷൻ വിഭാവനം ചെയ്യുന്നു. പദ്ധതി രേഖയുടെ കരട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |
| (ഇ) | 2021-ൽ പ്രവർത്തനമാരംഭിച്ച പ്രസ്തുത ബോർഡിൽ ഇരുപതിനായിരം കർഷകർ രജിസ്റ്റർ ചെയ്തുവെങ്കിലും അവർക്ക് ഒരുവിധത്തിലുള്ള ആനുകൂല്യങ്ങളും ഇതുവരെ ലഭിച്ചിട്ടില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബോർഡിൽ എത്ര കർഷകരെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 01.12.2021 തീയതി മുതലാണ്. അംഗങ്ങളെ ചേർത്ത് തുടങ്ങി അഞ്ചു വർഷം പൂർത്തികരിക്കാത്തതിനാൽ ആനുകൂല്യങ്ങൾ ഒന്നും നൽകാറായിട്ടില്ല. കേരള കർഷക ക്ഷേമനിധി ബോർഡിൽ പരമാവധി കർഷകരെ ഉൾപ്പെടുത്തുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ